**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ–ഓർഡിനേഷൻ കമ്മിറ്റിയുടെ 05.08.2015–ലെ യോഗ നടപടിക്കുറിപ്പ്**

യോഗം രാവിലെ 8.15–ന് ബഹു. ഗ്രാമവികസന വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷത യിൽ ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു. ബഹു. നഗരകാര്യ വകുപ്പുമന്ത്രിയും സന്നിഹിതനായിരുന്നു.

**1.** സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 29.07.2015–ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

**2. പൊതുവിഷയങ്ങൾ**

**2.1 889** തദ്ദേശഭരണ സ്ഥാപനങ്ങൾ 331.88 കോടി രൂപ (5.46%) ചെലവഴിച്ചതായും ഇതിൽ 772 ഗ്രാമപഞ്ചായത്തുകൾ 200.58 കോടി രൂപയും (6.31%), 73 ബ്ലോക്ക് പഞ്ചായത്തുകൾ 37.64 കോടി രൂപയും (5.14%), 12 ജില്ലാ പഞ്ചായത്തുകൾ 50.32 കോടി രൂപയും (5.54%), 28 മുനിസിപ്പാലിറ്റികൾ 28.67 കോടി രൂപയും,(4.47%), 4 കോർപ്പറേഷനുകൾ 14.65 കോടി രൂപയും (2.38%), ചെലവഴിച്ചതായി റിപ്പോർട്ട് ചെയ്തു. അടിമാലി, ദേവികുളം, കട്ടപ്പന, അഴുത എന്നീ ബ്ലോക്കുകളും ഇടുക്കി ജില്ലാ പഞ്ചായത്തും പദ്ധതിക്ക് അനുമതി നേടിയിട്ടില്ല എന്ന് റിപ്പോർട്ട് ചെയ്തു. ഡി.പി.സി. അംഗീകാരത്തിന് പദ്ധതികൾ സമർപ്പിക്കുന്നതിന് അനുവാദം നൽകാൻ തീരുമാനിച്ചു.

**2.2** ഭൗതിക നേട്ടം (physical Achievements) എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും സുലേഖ സോഫ്ട് വെയറിൽ രേഖപ്പെടുത്തി കാണുന്നില്ല എന്നത് സംബന്ധിച്ച് ചർച്ച ചെയ്യുകയും എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ആയത് അടിയന്തിരമായി രേഖപ്പെടുത്തണമെന്ന് നിർദ്ദേശം നൽകുകയും ചെയ്തു.

**2.3** ബഹുവർഷ പ്രോജക്ടുകൾ ഏറ്റെടുക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ 2016–17 വർഷം ഉൾപ്പെടുന്ന പ്രോജക്ടുകൾക്ക് 2015–16 വർഷത്തെ ഫണ്ടിൽ നിന്ന് 85% തുക വകയിരുത്തണമെന്ന കോഓർഡിനേഷൻ കമ്മിറ്റിയുടെ 03.06.2015 തീയതിയിലെ 2.2 ഇനം തീരുമാനത്തിന് മുൻകാല പ്രാബല്യമില്ലെന്നും അന്നേ തീയതിക്കു മുമ്പായി പദ്ധതി രൂപീകരണം പൂർത്തിയാക്കി ഡി.പി.സി. അംഗീകാരം തേടിയ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രസ്തുത തീരുമാനം ബാധകമല്ലെന്ന് യോഗം നിരീക്ഷിച്ചു.

**2.4** അയൽ സഭയെ നിർവാഹക സമിതിയായി നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവ് നടപ്പുവർഷം അയൽസഭ രൂപീകരിച്ച പഞ്ചായത്തുകൾക്ക് മാത്രമേ ബാധകമാകുന്നുള്ളൂ എന്നും മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളിൽ മുമ്പ് നിലവിലുണ്ടായിരുന്ന രീതിയിൽ ഗുണഭോക്തൃ സമിതികൾക്ക് പ്രവൃത്തിക്കാമെന്നും യോഗം നിരീക്ഷിച്ചു. അടുത്ത സാമ്പത്തിക വർഷം തുടങ്ങുന്നതിനു മുമ്പായി എല്ലാ വാർഡുകളിലും അയൽസഭ രൂപീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു. ഇതനുസരിച്ചുള്ള ഭേദഗതി 03.07.2015-ലെ സ.ഉ.(എം.എസ്)നം.218/15/തസ്വഭവ ഉത്തരവിൽ വരുത്തേണ്ടതാണ്.

**3 പ്രത്യേക വിഷയങ്ങൾ**

**3.1 ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് (ഫയൽനം.630/ഇ. ഡബ്ല്യൂ3/15/തസ്വഭവ)**

ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തിലേയ്ക്ക് 3 മാസത്തേയ്ക്ക് ഓവർസീയറെ നിയമിക്കണമെന്ന ആവശ്യം നിലവിൽ തസ്തിക ഉണ്ടെങ്കിൽ അനുവദിക്കാവുന്ന താണെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 ആനാട് ഗ്രാമപഞ്ചായത്ത് (ബഹു. വാമനപുരം എം.എൽ.എ കോലിയക്കോട് ശ്രീ.എൻ. കൃഷ്ണൻനായർ മുഖേന)**

ആനാട് ഗ്രാമപഞ്ചായത്തിൽ പകൽ വീട് പദ്ധതിയുടെ ഭാഗമായി ഭക്ഷണം, ശമ്പളം, മറ്റ് ചെലവുകൾ എന്നിവ ഓരോ വർഷത്തെയും പദ്ധതിയിൽ ഉൾപ്പെടുത്തി ചെലവു ചെയ്യാവുന്നതാണെന്ന് നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത് (ഫയൽ നം. 149251/ഡി.ബി.1/15/തസ്വഭവ)**

ഇ.എം.എസ് ഭവന പദ്ധതിയിൽ എസ്.സി.പി. വിഹിതം ഫണ്ട് പൊതുലോൺ അക്കൗണ്ടിലേയ്ക്ക് അടയ്ക്കുന്നതിനുള്ള ആവശ്യം പരിഗണിക്കുകയും, പട്ടികജാതി ഗുണഭോക്താക്കൾക്ക് നൽകിയ വീടിന് ആനുപാതികമായ തുകയ്ക്ക് ലോൺ അടവാക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 കാസറഗോഡ് ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 67427/ഡി.ഡി2/14/തസ്വഭവ)**

കാസറഗോഡ് ബ്ലോക്ക് പഞ്ചായത്ത് ഐ.എ.വൈ. ഭവന പദ്ധതിയിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം കുടിശ്ശിക നൽകാനുള്ളത് ജില്ലാ പഞ്ചായത്തിന് വിയോജിപ്പില്ലാത്ത പക്ഷം അംഗീകരിക്കാവുന്നതാണെന്ന

പെർഫോർമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ പദ്ധതികൾക്ക് മാത്രമായി ചെലവഴിക്കാൻ അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 കുമാരമംഗലം ഗ്രാമപഞ്ചായത്ത് (ഫയൽ നം. 122678/ഡി.എ2/15/തസ്വഭവ)**

പഞ്ചായത്ത്തല സാമൂഹിക സാമ്പത്തിക അടിസ്ഥാന വിവരശേഖരണം എന്ന പദ്ധതിക്ക് സാമൂഹ്യ സോഫ്ട് വെയർ ഓൺ ലൈനായി ലഭിക്കുന്നതാണെന്നും സുലേഖ സോഫ്ട് വെയറിലെ 802 സൂക്ഷ്മമേഖല കോഡ് ഉപയോഗിക്കാവുന്നതാണെന്നും നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 എടവക ഗ്രാമപഞ്ചായത്ത് (ഫയൽ നം. 10868/ഒ.എ.2 /15/തസ്വഭവ)**

മാതൃക പട്ടികവർഗ കോളനിയായി തെരഞ്ഞെടുത്ത് ടെലി പഠനകേന്ദ്രം സ്ഥാപിക്കുന്നതിനും പ്ലാനിംഗ് ബോർഡിന്റെ വില്ലേജ് റിസോഴ്സ് സെന്ററിന്റെ എക്സ്റ്റൻഷൻ പദ്ധതിയായും, പ്ലാനിംഗ് ബോർഡ് ലഭ്യമാക്കിയ കെൽട്രോണിന്റെ എസ്റ്റിമേറ്റ് അനുസരിച്ചുള്ള പദ്ധതി തുക ചെലവഴിക്കുന്നതിന് അനുവാദം നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 എടക്കാട് ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 41370 /ഡി.ഡി.2 /14/തസ്വഭവ)**

അംഗൻവാടി വഴിയുള്ള പോഷകാഹാര വിതരണത്തിന് ലഭിച്ച തുക റ്റി.എച്ച്.ആർ.എസ്. വഴിയുള്ളത് ഗ്രാമപഞ്ചായത്തിന് മടക്കി നൽകുന്നതിനും ബ്ലോക്ക് പഞ്ചായത്തിന് തിരികെ കിട്ടിയ തുക അംഗനവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ വിനിയോഗിക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 8 തിരൂർ ബ്ലോക്ക് പഞ്ചായത്ത്**

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 6 ഗ്രാമപഞ്ചായത്തുകളിൽ ഗ്യാസ് കണക്ഷൻ ഇല്ലാത്ത അംഗനവാടികൾക്ക് ഗ്യാസ് കണക്ഷൻ നൽകുന്നത് പ്രത്യേക കേസായി അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 9 കാസറഗോഡ് ജില്ലാ പഞ്ചായത്ത്**

കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയുടെ ഡയാലിസിസ് സെന്റർ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ തുക സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകണമെന്ന ആവശ്യം ഗ്രാമപഞ്ചായത്ത് 1 ലക്ഷം രൂപ , ബ്ലോക്ക് പഞ്ചായത്ത് 2 ലക്ഷം രൂപ , ജില്ലാ പഞ്ചായത്ത് 10 ലക്ഷം രൂപ , നഗരസഭ 5 ലക്ഷം രൂപ വീതം തനത് ഫണ്ടിൽ നിന്നു നൽകുന്നതിനും സംയുക്ത പദ്ധതിയാണെങ്കിൽ പ്ലാൻ ഫണ്ട് ഉപയോഗിക്കുന്നതിനും അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 ഇരവിപേരൂർ ഗ്രാമപഞ്ചായത്ത്**

കോഴിമല കുടിവെള്ള പദ്ധതിയുടെ തുടർപ്രവർത്തനം ഗുണഭോക്തൃ സമിതിയിൽ നിന്നും പഞ്ചായത്ത് ഏറ്റെടുക്കണമെന്ന ആവശ്യം അംഗീകരിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 11 പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത്**

കോളനികൾക്ക് പുറത്ത് താമസിക്കുന്ന പട്ടികജാതി കുടുംബങ്ങൾക്ക് മലിനജലം ഒഴുക്കി വിടുന്നതിന് സോക്കേജ് പിറ്റ് സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് പ്രകാരം പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചു. എഞ്ചിനീയറിംഗ് വിഭാഗത്തിനെ ഉപയോഗിച്ച് പണിതു നൽകേണ്ടതാണെന്നും പണമായി ഗുണഭോക്താക്കൾക്ക് നൽകേണ്ടെന്നും നിർദ്ദേശം നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 12 അഴുത ബ്ലോക്ക് പഞ്ചായത്ത്**

മുല്ലപ്പെരിയാർ പ്രദേശത്ത് എൽ.ഇ.ഡി. ലൈറ്റ് സ്ഥാപിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടതിൻ പ്രകാരം വഴിവിളക്കുകൾ സ്ഥാപിക്കുന്നത് ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതല അല്ലാത്തതിനാൽ നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 13 പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത് (ബഹു. എം.എൽ.എ ശ്രീ.എ.ടി. ജോർജ്ജിന്റെ കത്ത് )**

സർക്കാരിൽ നിന്നും ലഭിച്ച വികസന ഫണ്ടിന്റെ ചെലവല്ലാത്തതിനാൽ പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 14 നാരങ്ങാനം ഗ്രാമപഞ്ചായത്ത്**

ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം പൊളിച്ചു മാറ്റുന്നത് സംബന്ധിച്ച് അനുവാദം കോഓർഡിനേഷൻ കമ്മിറ്റി പരിഗണിക്കേണ്ട വിഷയമല്ലെന്ന് നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 15 ഗ്രാമവികസന കമ്മീഷണറുടെ കത്ത്**

കോട്ടയത്ത് 13.08.2015 മുതൽ നടത്തുന്ന ദേശീയ സരസ് മേളയുടെ നടത്തിപ്പിനായി ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്തതനുസരിച്ച് ജില്ലാ പഞ്ചായത്ത് 7 ലക്ഷം രൂപയും, ബ്ലോക്ക് പഞ്ചായത്തുകൾ 2 ലക്ഷം രൂപയും ഗ്രാമപഞ്ചായത്തുകൾ 5000 രൂപ വീതവും ജനറൽ പർപ്പസ്/തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് യഥേഷ്ടാനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 16 മലപ്പുറം നഗരസഭ ചെയർമാന്റെ കത്ത്**

നഗരസഭ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന 4000 ബയോഗ്യാസ് പ്ലാന്റുകൾ ഗുണഭോക്തക്കളുമായി ഉടമ്പടി വച്ച് നൽകുന്നതിന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 17 പഞ്ചായത്ത് ഡയറക്ടറുടെ കത്ത്**

കട്ടപ്പന, ചക്കുപള്ളം ഗ്രാമപഞ്ചായത്തുകളിലെ ആധുനിക അറവുശാലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് പ്രതിദിനം 750 രൂപ നിരക്കിൽ വേതനം നൽകുന്നതിന് അനുവദിക്കണമെന്ന പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശ അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 18 മാഞ്ഞൂർ ഗ്രാമപഞ്ചായത്ത്**

തെരുവിളക്ക് വാങ്ങലും പരിപാലനവും സംബന്ധിച്ച് നിലവിൽ സർക്കാർ ഏജൻസികൾ പരാതി കൂടാതെ പ്രവർത്തിക്കുന്നതായി യോഗം വിലയിരുത്തി

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 19 എറണാകുളം ജില്ലാ പഞ്ചായത്ത്**

ജില്ലയിലെ ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് യന്ത്രവൽക്കൃത മുച്ചക്ര വാഹനം നൽകുന്നത് 08.11.2010-ലെ പ്രൊക്യൂർമെന്റ് മാന്വൽ അനുസരിച്ച് വാങ്ങുന്നതിന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 20 ഒറ്റൂർ ഗ്രാമപഞ്ചായത്ത്**

ഒറ്റൂർ കൃഷി ഭവന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ, മൂങ്ങോട് വാഴയിൽ റോഡ് കോൺക്രീറ്റിംഗ് എന്നീ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് പദ്ധതി ഭേദഗതിക്ക് അനുവദിക്കണമെന്ന ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 21 കുമരകം ഗ്രാമപഞ്ചായത്ത്**

ശ്രീനാരായണ ജയന്തിയോടനുബന്ധിച്ച് നടത്തി വരുന്ന ശ്രീനാരായണ ജയന്തി പബ്ലിക് ബോട്ട് റെയ്സ് ക്ലബിന്റെ നേതൃത്വത്തിൽ നടത്തുന്ന ഓണക്കാല വള്ളം കളിക്ക് പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും 25000 രൂപ അനുവദിക്കണമെന്ന ആവശ്യം പ്രത്യേക കേസായി അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 22 ചാലിശ്ശേരി ഗ്രാമപഞ്ചായത്ത്**

വെള്ളക്കരം കുടിശ്ശിക അടവാക്കുന്നതിന് മെയിന്റനൻസ് ഗ്രാന്റിൽ നിന്ന് 778100 രൂപ നൽകാനായി തയ്യാറാക്കിയ പ്രോജക്ട് അംഗീകരിക്കണമെന്ന ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(യോഗം രാവിലെ 9.15ന് അവസാനിച്ചു.)

**അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗം 12.08.2015–ന് രാവിലെ 8 മണിക്ക് ബഹു മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ കൂടുന്നതാണ്.**